കഥ

●

പി. ഇബ്റാഹീം

# ഐ.സി.യു



**സെൻട്രലൈസ്ഡ്** എ.സിയിൽ ശവത്തെപ്പോലെ തണുത്ത മേശയിൽ അയാൾ കൈവെച്ചു. എതിരെയിരിക്കുന്ന പെൺകുട്ടിയുടെ കണ്ണീർ തുള്ളികൾ മേശക്ക് മുകളിൽ വെച്ച ഗ്ലാസിൽ വീണുടഞ്ഞ് ചിതറി.

അവൾക്ക് പറയാനുള്ളത് മുഴുവൻ ഒറ്റശ്വാസത്തിന് പറഞ്ഞ് തീർത്തിരുന്നു. ഐ.സി.യുവിലുള്ള അവളുടെ പിതാവിനെ വിട്ടുകിട്ടണം. മെഡിക്കൽ കോളേജിൽ എത്തിക്കാനുള്ള ആംബുലൻസ് വാടകമാത്രമാണിനി ബാക്കിയുള്ളത്. അവർക്കുണ്ടായിരുന്ന നാല് സെന്റ് സ്ഥലവും ചെറിയ വീടും ഒരാഴ്ചത്തെ ആശുപത്രി ചികിത്സക്ക് വിറ്റ് കഴിഞ്ഞു. പെൺകുട്ടി അവളുടെ കൈവെള്ള നിവർത്തിക്കാണിച്ചു. ഐ.സി.യുവിലെ തണുപ്പിലും അവളുടെ കൈക്കുള്ളിൽ പൊടിഞ്ഞ വിയർപ്പിൽ പച്ച നോട്ടുകൾ നനഞ്ഞ് കുതിർന്നിരുന്നു. ഇതുപോലുള്ള കരച്ചിലുകൾ നിത്യവും കേൾക്കുന്നതാണ്. മൊയ്തുഹാജി എന്ന ഹോസ്പിറ്റൽ ഡയറക്ടർക്ക് 'ടാർഗറ്റിൽ' മാത്രമാണ് നോട്ടം.

തന്റെ അകാലത്തിൽ മരിച്ചുപോയ സഹോദരിയുമായി മുമ്പിലിരിക്കുന്ന പെൺകുട്ടിക്കുള്ള അസാധാരണ രൂപ സാദൃശ്യം ഡോക്ടറുടെ ചിന്തകൾ മൊയ്തുഹാജി എന്ന ഡയറക്ടറുടെ ടാർഗറ്റ് മതിലുകൾക്കപ്പുറം കടന്നു.

സഹോദരിയെ ചികിത്സിക്കാൻ പണമില്ലാതെ വിതുമ്പിക്കരയുന്ന ഉമ്മ. അവളുടെ മയ്യിത്ത് ഖബ്റിൽ വെച്ചപ്പോൾ താനെടുത്ത പ്രതിജ്ഞയാണ്, തനിക്കങ്ങനെ

യൊരു ഡോക്ടറാകാനുള്ള ആവേശം നൽകിയത്. പക്ഷേ.....

അയാൾ യാന്ത്രികമായി ഐ.സി.യുവിലേക്ക് നടന്നു. ഐ.സി.യുവിലെ വാതിലുകൾ ഒന്നൊന്നായി തുറന്നു. സീനിയർ ഡോക്ടർമാർക്കും ഹെഡ്നഴ്സിനും മാത്രം പ്രവേശനമുള്ള ഒടുവിലത്തെ അറയിലേക്ക് അയാൾ കയറി. പിതാവിന്റെ മയ്യിത്ത് ഖബ്റടക്കാൻ അവൾക്ക് ആരോടും യാചിക്കേണ്ടി വരില്ല.

"സാർ"

ഹെഡ്നഴ്സിന്റെ വിറയാർന്ന ശബ്ദം.

"സാർ, ഇരുപത്തിനാല് മണിക്കൂറായിട്ടില്ല കൃത്രിമ ശ്വാസം നൽകാൻ തുടങ്ങിയിട്ട്."

അയാൾ അവളുടെ പിതാവിന്റെ മുഖത്തെ ഉപകരണങ്ങൾ ഒന്നൊന്നായി എടുത്തു മാറ്റി.

ഐ.സി.യുവിലെ നേർകാഴ്ചകൾ തന്റെ മുന്നിലെ സ്ക്രീനിൽ തെളിഞ്ഞു കണ്ട മൊയ്തുഹാജി വിറച്ചു.

"നീ ധിക്കാരമാണ് കാണിച്ചത്. ഇതിനായിരുന്നോ ഉപരിപഠനത്തിന് നിന്നെ അമേരിക്കയിൽ പറഞ്ഞു വിട്ടത്. 15,000 രൂപയെങ്കിലും നീ കാരണമിന്ന് നഷ്ടമായി."

"സാർ, ക്ഷമിക്കണം. ഞാനറിയാതെ എന്റെ പഴയകാലം ഓർത്തുപോയി."

"ങ്ഹും - പഴയ കാര്യങ്ങൾ.....!"

ഉരുവിലേറി അറേബ്യൻ കടപ്പുറത്തെത്തിയ എനിക്ക് ദിവസങ്ങളോളം ബോധം തന്നെയില്ലായിരുന്നു. കാട്ടറബിയുടെ കൈയിൽനിന്നുറ്റിവീണ മൃതസഞ്ജീവനിയിലേക്കാണ് ചുണ്ടുകളും കണ്ണുകളും തുറന്നത്. പലപ്പോഴും കേട്ടതാണ്. 'യു ആർ ദ ഗ്രേറ്റ്' എന്ന് പറഞ്ഞ് കൈകൾ കഴുകിയാൽ ഹാജിയാർക്ക് സന്തോഷമാകും. താനുൾപ്പെടെ എല്ലാവരും അങ്ങനെ ചെയ്യാറാണ് പതിവ്. അങ്ങനെ പറഞ്ഞ് തുടങ്ങിയതാണ്, പക്ഷേ, നാവിൽ വന്നത് മറ്റൊന്നായിരുന്നു.

"ഉണക്കമീൻ വിറ്റുനടന്നിരുന്ന ഉപ്പയുടെ മോൻ മൊയ്തുഹാജിയായതും, യത്തീമായി വളർന്ന ഞാനീ നിലയിലെത്തിയതും അല്ലാഹുവിന്റെ മഹത്തായ ഔദാര്യം കൊണ്ട് മാത്രമല്ലേ?"

"അത്....."

"ചോദ്യം ഇഷ്ടമായില്ലെന്ന് വ്യക്തം."

"നമുക്ക് അല്ലാഹുവിനോട് നന്ദിയില്ലാത്തവരാകാം.

അല്ലേ....."

അയാൾ തിരിഞ്ഞു നടന്നപ്പോൾ മൊയ്തുഹാജി നെറ്റിയിലെ വിയർപ്പുകണങ്ങൾ മെല്ലെ തുടച്ചു കളഞ്ഞു. ആശുപത്രിയിലെ എല്ലാ മുറികളിലും വിശുദ്ധ ഖുർആനും ഒരു പരിഭാഷയും ചില്ലിട്ട് അലമാരയിൽ വെച്ചിരുന്നു. മൊയ്തുഹാജിയുടെ മുറിയിലും അതുണ്ടായിരുന്നു. എല്ലാത്തിനും സാക്ഷിയായി. ■